# STD - IX

## അദ്ധ്യാപക സഹായി

## പാഠം - എട്ട് സഭയും പരിസ്ഥിതിയും ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവത്തിന്റെ സൃഷ്ടിയായ ഭൂമിയെയും, അതിലെ സകല ജീവജാലങ്ങളെയും സ്നേഹിക്കേണ്ടതും സംരക്ഷിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. ദൈവം സൃഷ്ടിച്ചതൊക്കെയും ഞാൻ സംരക്ഷിക്കും.

### പഠനസഹായികൾ

* ദൈവം പ്രപഞ്ചത്തെയും മനുഷ്യനെയും സൃഷ്ടിച്ചതിന്റെ വീഡിയോ - യൂട്യൂബ്
* വചനം - ഉത്പ. 1:1-31, 2:1-4
* വചനം - സങ്കീ. 19:1, റോമാ. 1:20, ഉത്പ. 1:28, സങ്കീ. 24:1, ഉത്പ. 2:8
* മൊബൈലിൽ പകർത്തിയ നമ്മുടെ പരിസരത്തുള്ള പുഴയും കാടും - വീഡിയോ
* ഫാക്ടറികളിൽനിന്നും പുറന്തള്ളുന്ന മലിനജലത്തിന്റെ ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവത്തിന്റെ സൃഷ്ടികൾ - ഏറ്റവും നല്ല സൃഷ്ടി - മനുഷ്യൻ
* പ്രപഞ്ചം മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാനമാണ്
* ഭൂമിയിലുള്ള സകലജീവജാലങ്ങളുടെയുംമേൽ മനുഷ്യന് ആധിപത്യം (ഉത്പ. 1:28)
* ദൈവം മനുഷ്യന് നൽകിയ വാഗ്ദാനം ദുർവ്യാഖ്യാനിക്കപ്പെടുകയും, മനുഷ്യൻ ഭൂമിയെ ചൂഷണം ചെയ്യുകയും ചെയ്യുന്നു.
* മനുഷ്യന്റെ സ്വാർത്ഥ താത്പര്യങ്ങൾ മൂലം പരിസ്ഥിതി പ്രശ്നങ്ങൾ
* ഭൂമി നമ്മുടെ വാസസ്ഥലം (We are not owners)
* പ്രകൃതിയെ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ ആവശ്യവും കടമയുമാണ്.

### പ്രാർത്ഥന

കർത്താവേ, മനുഷ്യനുവേണ്ടി ഒരുക്കിയ അങ്ങയുടെ വൈവിധ്യപൂർണമായ സൃഷ്ടികൾക്ക് ഞങ്ങൾ നന്ദിപറയുന്നു. പ്രപഞ്ചത്തിലുള്ള എല്ലാ സൃഷ്ടികളെയും സംരക്ഷിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

## ചോദ്യങ്ങൾ

1. പ്രപഞ്ചം ദൈവസൃഷ്ടിയുടെ ഭാഗമായിത്തീരുന്നതെങ്ങനെ? (വചനഭാഗസഹിതം എഴുതുക)
2. മനുഷ്യന്റെ അത്യാഗ്രഹം പ്രപഞ്ചത്തെ എങ്ങനെ ബാധിക്കുന്നു?
3. പ്രപഞ്ചവും അതിലുള്ളവയും ദൈവത്തിന്റെ സൃഷ്ടിയാകുമ്പോൾ, മനുഷ്യന്റെ ധർമ്മം എന്തായിരിക്കണം?
4. ഭൂമി മനുഷ്യന്റെ വാസസ്ഥലമായിത്തീരുന്നത് എങ്ങനെ?
5. പരിസ്ഥിതി സംരക്ഷണം സഭയുടെ ദൗത്യമാണോ?

# STD - IX

## അദ്ധ്യാപക സഹായി

## പാഠം - എട്ട്  സഭയും പരിസ്ഥിതിയും  ഭാഗം - രണ്ട്

### ലക്ഷ്യം

ദൈവത്തോടും സഹജീവികളോടും സർവചരാചരങ്ങളോടും നമ്മോടു തന്നെയുമുള്ള നമ്മുടെ കടമയാണ് പ്രകൃതിസംരക്ഷണം. ദൈവപിതാവിന്റെ ഭവനം ആണ് പ്രപഞ്ചം. പ്രകൃതിയോടുള്ള തെറ്റായ സമീപനം ദൈവത്തോടുള്ള തെറ്റായ സമീപനം തന്നെയാണ്. വിശുദ്ധ ഫ്രാൻസിസ് അസീസ്സിയെപ്പോലെ എല്ലാ ജീവജാലങ്ങളേയും തന്റെ സഹോദരങ്ങളായി കരുതിക്കൊണ്ട് ഞാൻ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യും.

### പഠനസഹായികൾ

* അർഹിക്കാത്തത് സ്വന്തമാക്കാൻ ആഗ്രഹിച്ച ആദ്യപാപം ചെയ്ത ആദത്തിന്റെയും ഹവ്വായുടെയും വീഡിയോ
* പരിസ്ഥിതി പ്രശ്നങ്ങൾ - ചാർട്ട്
* യേശുവിന്റെ മരണം - യൂട്യൂബ് വീഡിയോ
* വചനം - ഏശ. 14:8, മത്താ. 10:29-31, മത്താ. 27:45-52, റോമ. 8:20-22
* യേശുവിന്റെ ജനനം - നക്ഷത്രം ആട്ടിടയന്മാർക്ക് പ്രത്യക്ഷപ്പെടുന്നതിന്റെയും, യേശുവിന്റെ മരണസമയത്ത് ഭൂമി ഇരുണ്ടുപോകുന്നതിന്റെയും വീഡിയോ
* ചിത്രം - മോശ - ചെങ്കടൽ രണ്ടായി വിഭജിക്കുന്നത്
* 2018-ലെ പ്രളയം - വീഡിയോ

### പാഠത്തിന്റെ ഉള്ളടക്കം

* മനുഷ്യന്റെ സ്വാർത്ഥതയ്ക്കുവേണ്ടി പ്രകൃതിയെ ദുരുപയോഗം ചെയ്യുന്നു.
* പ്രകൃതിയെ ചൂഷണം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന പുരാതനവും ആധുനികവുമായ പരിസ്ഥിതി പ്രശ്നങ്ങൾ.
* പരിസ്ഥിതി പ്രശ്നങ്ങൾ - ആധുനിക ലോകത്ത്
* വംശനാശ ഭീഷണി നേരിടുന്ന ജന്തുവർഗ്ഗങ്ങൾ
* വനസമ്പത്ത് ഇല്ലാതാകുന്നു.
* കാലാവസ്ഥയുടെ താളക്രമങ്ങൾ തെറ്റുന്നു
* പുതിയതരം രോഗങ്ങൾ മനുഷ്യന്റെ സ്വസ്ഥത നശിപ്പിക്കുന്നു
* അന്തരീക്ഷ മലിനീകരണം

* ക്രിസ്തുവിലൂടെ മാത്രമേ നമുക്ക് പ്രകൃതിയെ കൂടുതൽ മനസ്സിലാക്കാൻ സാധിക്കൂ
* യേശുവിന്റെ ജനനം മുതൽ മരണം വരെയുള്ള പ്രകൃതിയുടെ സാന്നിധ്യം – നക്ഷത്രം ആട്ടിടയന്മാർക്ക് വഴികാട്ടുന്നത്, മരണസമയത്ത് സൂര്യൻ ഇരുണ്ടുപോകുന്നത്
* ഈജിപ്തിന്റെ പിടിയിൽനിന്ന് ഇസ്രായേൽ മക്കളെ രക്ഷിക്കാൻ മോശയ്ക്ക് സഹായകമാകുന്ന പ്രപഞ്ചം
* സകല ജീവജാലങ്ങളെയും ദൈവപരിപാലനയ്ക്കുള്ളിലാണ് ക്രിസ്തു കണ്ടത്
* പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യാം
* സൃഷ്ടികളെല്ലാം സ്നേഹത്തിന്റെ ഐക്യത്തിൽ ക്രിസ്തുവിൽ ഒന്നു ചേരാൻ ആഗ്രഹിക്കുന്നു (റോമാ. 8:20–22)
* എല്ലാ ജീവജാലങ്ങളെയം തന്റെ സഹോദരങ്ങളായി കരുതിയ വിശുദ്ധ ഫ്രാൻസിസ് അസീസ്സി.

## പ്രാർത്ഥന

പ്രപഞ്ചത്തിന്റെ സൃഷ്ടാവും നാഥനുമായ ദൈവമേ, സകല ജീവജാലങ്ങളെയും സഹോദരതുല്യം സ്നേഹിക്കുവാനും സംരക്ഷിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ.

## ചോദ്യങ്ങൾ

1. പ്രകൃതിയെ എങ്ങനെയാണ് നാം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത്?
2. ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ പ്രപഞ്ചം എങ്ങനെയാണ് പങ്കുചേരുന്നത്?
3. വിശുദ്ധ ഫ്രാൻസിസ് അസീസ്സിക്ക് പ്രകൃതിയോടുള്ള മനോഭാവം എങ്ങനെയുള്ളതായിരുന്നു?
4. പ്രധാനപ്പെട്ട പത്ത് പരിസ്ഥിതി പ്രശ്നങ്ങൾ എഴുതുക
5. നമുക്ക് ചുറ്റുമുള്ള പരിസ്ഥിതി പ്രശ്നങ്ങളും പ്രകൃതി ചൂഷണങ്ങളും കണ്ടുപിടിച്ച് ഫോട്ടോ സഹിതം ഒരു റിപ്പോർട്ട് തയ്യാറാക്കുക.